(ബി) അന്യസംസ്ഥാനങ്ങളിൽനിന്നുംവരുന്ന ഭക്ഷ്യവസ്തുക്കൾ ചെക്ക് പോസ്റ്റുകളിൽവച്ച് തന്നെ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ;

(സി) ഭക്ഷ്യസാധനങ്ങളിൽ ഗുരുതരമാംവിധം വിഷവസ്തുക്കൾ കലരുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് നിലവിൽ ഭക്ഷ്യപരിശോധനാ ലാബുകൾ സ്ഥാപിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് പുതുതായി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ള മൂന്ന് മൊബൈൽ അനലിറ്റിക്കൽ ലബോറട്ടറിയുടെ സേവനം ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് പരിശോധന നടത്തുന്നതിനായി മൊബൈൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയച്ച് നിശ്ചിത ഗുണനിലവാരമുള്ളതാണോയെന്നും മായം ചേർത്തതാണോയെന്നും പരിശോധിക്കാറുണ്ട്. നിശ്ചിത ഗുണനിലവാരമുള്ളതോ മായം ചേർത്തതോ ആയി കണ്ടെത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ ഉല്പാദനം, വിതരണം, വ്യാപാരം എന്നിവ നടത്തുന്നവർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമവും അനുബന്ധചട്ടങ്ങൾ പ്രകാരംവും പ്രോസിക്യൂഷനും നിരോധനവും അടക്കമുള്ള നടപടി സ്വീകരിക്കാറുണ്ട്.

പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നത്

127 (792) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നതി നായി 2014-15-ലെ ബഡ്ജറ്റിൽ എത്ര തുകയാണ് വകകൊള്ളിച്ചിരുന്നതെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ തുക വകമാറ്റി ചെലവഴിച്ചതായ പരാതി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014-15 ബഡ്ജറ്റിൽ പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ വ്യാപനം നിയന്ത്രിക്കുന്നതിനായി 870 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഒറ്റത്തവണ അധിക കേന്ദ്രസഹായം കേന്ദ്രസർക്കാരിൽനിന്നും 2014-15-ൽ ലഭിക്കാത്തതിനാൽ സംസ്ഥാന സർക്കാർ അനുവദിച്ച തുകയിൽനിന്ന് 70% മാത്രമേ റിലീസ് ചെയ്യാൻ അനുമതി നൽകിയിരുന്നുള്ളൂ. ആയതിന്റെ അടിസ്ഥാനത്തിൽ 2014-15-ൽ 480.97 ലക്ഷം രൂപ ചെലവഴിക്കുകയും 44.40 ലക്ഷം രൂപ 2015 സെപ്റ്റംബർ 30-നുള്ളിൽ ചെലവഴിക്കുന്നതിന് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

108 ആംബുലൻസ് പദ്ധതി

128 (793) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 108 ആംബുലൻസ് പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ;

(ബി) ഈ പ്രഖ്യാപനത്തിനനുസൃതമായി ഇതുവരെ സംസ്ഥാനസർക്കാർ ചെലവിട്ട തുക എത്രയാണെന്നറിയിക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ആരംഭിച്ച നിലവിലുള്ള '108' ആംബുലൻസ് സർവ്വീസ് കാര്യക്ഷമമായി നടക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ ;

(ഡി) ഇവയുടെ സർവ്വീസിൽ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ച ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു; ആയതുപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ ?